**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1746 — 14.07.2016- ൽ മറുപടിക്ക്

## ത്രിവേണി സ്റ്റോറുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | വിലക്കയറ്റം തടയുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനും വലിയ സഹായം നൽകിയിരുന്ന കൺസ്യൂമർഫെഡിന്റെ മിക്ക ത്രിവേണി സ്റ്റോറുകളും ഇന്ന് പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ത്രിവേണി സ്റ്റോറുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെയും, കുറഞ്ഞ നിരക്കിൽ പർച്ചേസ് നടത്തുന്നതിലൂടെയും, ചെലവ് ചുരുക്കലിലൂടെയും ത്രിവേണി, നന്മ സ്റ്റോറുകൾ ലാഭത്തിലാക്കി കൂടുതൽ കാര്യക്ഷമമാകുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പുതുതായി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനമോ, സഹകരണ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ വാടകരഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിയ്ക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ സ്റ്റോറുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യത കൂടി പരിഗണിച്ച് ത്രിവേണി സ്റ്റോർ/നന്മ സ്റ്റോർ എന്നിവയുടെ സേവനം ലഭ്യമാകാത്ത സ്ഥലങ്ങളിൽ അവ പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**